പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3470 | 14.03.2017 ൽ മറുപടിക്ക്

## എയർ ഇന്ത്യാ എക്സ്പ്രസ്സ് സർവ്വീസ്

ചോദ്യം | മറുപടി

ശ്രീ. പി.ടി.തോമസ്

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) തിരുവനന്തപുരം -കോഴിക്കോട് റൂട്ടിൽ പുതിയതായി ആരംഭിച്ച എയർ ഇന്ത്യാ എക്സ്സ് പ്രസ്സ് സർവ്വീസിന് അമിത ടിക്കറ്റ് നിരക്ക് ഈടാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഇത്തരം പരാതികൾ ഉയർന്നു വന്നിട്ടുണ്ട്.

(ബി) നേരത്തെ എയർ ഇന്ത്യാ എക്സ്സ് പ്രസ്സ് പ്രസ്തുത റൂട്ടിൽ സർവ്വീസ് നടത്തിയിരുന്നപ്പോൾ ഈടാക്കിയിരുന്ന കുറഞ്ഞ ടിക്കറ്റ് നിരക്കിന്റെ മൂന്നിരട്ടിയോളം തുകയാണ് ഇപ്പോൾ ഈടാക്കുന്നതെന്ന വസ്തുത പരിഗണിച്ച് നിരക്ക് കുറയ്ക്കുവാൻ ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുമോ?

(ബി) കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. വിമാന യാത്രയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്ന വിഷയമാണ്. വിമാന യാത്രാക്കൂലി നിശ്ചയിക്കുന്നതിൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് പങ്കില്ല എന്നും , 1937 ലെ എയർ ക്രാഫ്റ്റ് റൂൾ പ്രകാരം വിമാന സർവ്വീസ് നടത്തിപ്പ് ചെലവ്, സർവ്വീസിന്റെ പ്രത്യേകത, യാത്രക്കാരുടെ തിരക്ക്, മിതമായ ലാഭം എന്നീ കാര്യങ്ങൾ പരിഗണിച്ച് യാത്രാക്കൂലി നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ